# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3443** **20/06//2018-ലെ മറുപടി**

## <u>പറമ്പിക്കുളം - ആളിയാർ കരാർ</u>

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിൽ നിന്നും ഈ വർഷം ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ; | എ) ഈ ജലവർഷത്തിൽ (2017-18) 31/05/2018 വരെ മണക്കടവ് വിയറിൽ പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട 6750 എം.സി.എഫ്.ടി ജലത്തിന്റെ സ്ഥാനത്ത് 5968 എം.സി.എഫ്.ടി ജലമേ ലഭിച്ചിട്ടുള്ളൂ. അതു പോലെ കേരള-ഷോളയാറിൽ ഈ ജലവർഷത്തിൽ അർഹതപ്പെട്ട 12300 എം.സി.എഫ്.ടി ജലത്തിൽ 11/06/2018-ലെ കണക്ക് പ്രകാരം 10741.73 എം.സി.എഫ്.ടി ജലം ലഭിച്ചിട്ടുണ്ട്. |
| ബി)മുൻവർഷങ്ങളിൽ അനുവദിക്കപ്പെട്ട മുഴുവൻ വെള്ളവും തമിഴ്നാട് സർക്കാർ വിട്ടു നൽകാത്ത സാഹചര്യത്തിൽ കൂടുതൽ വെള്ളം വിട്ടു കിട്ടുന്നതിനും കേരളത്തിനർഹതപ്പെട്ട മുഴുവൻ വെള്ളവും യഥാസമയം ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ ? | ബി) അന്തർ സംസ്ഥാന നദീ ജല കരാറുകളിൽ കേരളത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനു വേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്ന പി.എ.പി കരാറിന്റെ കാര്യത്തിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം , സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി) യോഗങ്ങളിൽ ഉന്നയിച്ച് കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തു വരുന്നു.<br><br>ഇതിനു പുറമെ കേരള വൈദ്യുതി ബോർഡും, ജലസേചന വകുപ്പും, സർക്കാരും , പി. എ.പി കരാർ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി) യിൽ നിന്ന് കേരളത്തിന് |

അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജല ക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചു വരുന്നു. ഈ വിഷയത്തിൽ സർക്കാർ തുടർന്നും കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നതായിരിക്കും.

**സെക്ഷൻ ഓഫീസർ**